രക്ഷയുടെ പാതയിൽ-3



3

# ജീവദാതാവായ ദൈവം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം
9

# കല്പനകൾ പാലിച്ച ഈശോ



ഒരു യഹൂദബാലനായ ഈശോ എല്ലാ കാര്യങ്ങളിലും

ദൈവകല്പനപാലിച്ചാണ് ജീവിച്ചിരുന്നത്.



ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു (ലൂക്കാ 2:52).



1. ഈശോ ജ്ഞാനത്തിൽ വളർന്നു
2. ഈശോ പ്രായത്തിൽ വളർന്നു
3. ഈശോ ദൈവത്തിന്റെ പ്രീതിയിൽവളർന്നു
4. ഈശോ മനുഷ്യരുടെ പ്രീതിയിൽ വളർന്നു.

# തിരുസഭയുടെ കല്പനകൾ അഞ്ച്

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങളിൽ വിലക്കപ്പെട്ടവേലകൾ ചെയ്യരുത്.
2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കയും പെസഹാക്കാലത്ത് പരിശുദ്ധ കുർബ്ബാന സ്വീകരിക്കുകയും വേണം.
3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾവർജ്ജിക്കുകയും വേണം.
4. വിലക്കപ്പെട്ട കാലത്ത് വിവാഹം ആഘോഷിക്കുകയോ തിരുസഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്.
5. ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും വൈദികാധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മറ്റ് ഓഹരികളും കൊടുക്കണം.

## കടപ്പെട്ട തിരുനാളുകൾ

**ദുക്റാന** (ജൂലൈ 3)

**മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ** (ഓഗസ്റ്റ് 15)

**ക്രിസ്തുമസ്സ്** (ഡിസംബർ 25)

## മാംസവർജന ദിനങ്ങൾ

**വിഭൂതിദിനവും ആുവട്ടത്തിലെ എല്ലാ വെള്ളിയാഴ്ചകളും**


(ക്രിസ്തുമസിനും ദനഹായ്ക്കും ഇടയ്ക്കുള്ള വെള്ളിയാഴ്ചകളും, ഈസ്റ്റർ കഴിഞ്ഞു വരുന്ന വെള്ളിയാഴ്ചയും ഒഴികെ.)

## ഉപവാസ ദിനങ്ങൾ

**വിഭൂതിദിനം, ദുഃഖവെള്ളി**

# ബാലനായ ഈശോ ചെയ്ത കാര്യങ്ങൾ

1. മാതാപിതാക്കളെ സഹായിച്ചു.
2. സിനഗോഗിൽ പോയി പ്രാർത്ഥിച്ചു.
3. ദൈവാലയത്തിൽ പോയി തിരുനാളിൽ സംബന്ധിച്ചു.
4. വേദശാസ്ത്രികളുമായി സംവാദം നടത്തി.


# നമുക്കു പ്രാർത്ഥിക്കാം

മാതാപിതാക്കൻമാർക്കു വിധേയനായി ജീവിച്ച ഈശോയെ, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരുവാൻ എന്നെ അനുഗ്രഹിക്കണമേ.





# നമുക്കു പാടാം

പ്രായത്തിൽ ജ്ഞാനത്തിൽ, ദൈവമനുജ പ്രീതിയിൽ
ഈശോയെപ്പോലെ നാം വളർന്നിടേണം.
കല്പനകളേതുമേ നന്നായ് പാലിച്ചു നാം
ദൈവീകജീവനിൽ വളർന്നിടേണം.

# മനഃപാഠമാക്കുക

## തിരുസഭയുടെ കല്പനകൾ



# എന്റെ തീരുമാനം

**നിയമങ്ങൾ പാലിച്ച ഈശോയെപ്പോലെ**

**ഞാനും കല്പനകളനുസരിച്ചു ജീവിക്കും**

Thank you